വിശകലനം

●

**എൻ.എം ഹുസൈൻ**

# ഒബാമ: വ്യാമോഹങ്ങളും യാഥാർഥ്യങ്ങളും

**2008** നവംബർ നാലിന് ലോകം ഏറക്കുറെ ആഹ്ലാദഭരിതമായി. ലോകമെമ്പാടും പടർന്ന അമേരിക്കൻ വിരുദ്ധ വികാരത്തിന്റെ പശ്ചാത്തലത്തിൽ റിപ്പബ്ലിക്കൻ പാർട്ടിയിലെ ജോർജ് ബുഷിന്റെ പിൻഗാമി പരാജയപ്പെട്ടതുകൊണ്ട് മാത്രമല്ലായിരുന്നു ഇത്. ചരിത്രത്തിലാദ്യമായി വെള്ളക്കൊട്ടാരത്തിൽ കറുത്ത വർഗക്കാരൻ ബരാക് ഒബാമ എത്തിയത് ശ്രദ്ധേയമായിരുന്നു. ഈ പ്രതീകാത്മക വിജയം നിരവധി അഭ്യൂഹങ്ങൾക്കും പ്രതീക്ഷകൾക്കും മാത്രമല്ല വ്യാമോഹങ്ങൾക്കും ഇടംനൽകി. ഒബാമ അമേരിക്കയെ മാത്രമല്ല ലോകത്തെ തന്നെയും പുതിയൊരു യുഗത്തിലേക്ക് നയിക്കാൻ സാധ്യതയുണ്ട് എന്നാണ് പലരും കരുതിയത്. ഒബാമയുടെ ആത്മകഥയും പ്രസംഗങ്ങളും അത്തരമൊരു ശുഭാപ്തി നൽകിയേക്കാം എന്നത് ശരിതന്നെ. എന്നാൽ അമേരിക്കൻ രാഷ്ട്രീയ ചരിത്രത്തെപ്പറ്റി ശരിയായ ധാരണയുള്ള ഒരാൾ പ്രതീക്ഷകളിലേക്ക് എടുത്തുചാടാൻ മുതിരില്ല. അതുകൊണ്ടാണ് ദശകങ്ങളായി അമേരിക്കൻ രാഷ്ട്രീയത്തിന്റെ അകവും പുറവും സൂക്ഷ്മമായി നിരീക്ഷിക്കുന്ന നോം ചോംസ്കിയും എഡ്വേർഡ് ഹെർമനും മൗലികമാറ്റങ്ങൾക്ക് യാതൊരു സാധ്യതയുമില്ലെന്ന് വ്യക്തമാക്കിയത്. പ്രസിഡന്റിന്റെ മുഖഛായ മാറിയതുകൊണ്ട് (ലിപ്സ്റ്റിക് മിനുക്കങ്ങളിലൂടെ) കാര്യമില്ലെന്നും മുഖം തന്നെ മാറാതെ മാറ്റം പ്രതീക്ഷിക്കുന്നതിലർഥമില്ലെന്നും കേരള സന്ദർശനത്തിനിടെ അമേരിക്കയിലെ പ്രമുഖ മാധ്യമ പ്രവർത്തകനായ ഡേവിഡ് ബർസാമിയാനും അഭിപ്രായപ്പെടുകയുണ്ടായി.

**അമേരിക്കൻ പട്ടാളക്കാരുടെ വെടിയേറ്റും ബോംബുവർഷത്താലും നരകയാതന അനുഭവിക്കുന്ന ലക്ഷക്കണക്കിന് അഫ്ഗാൻ –ഇറാഖീ ജനങ്ങളെച്ചൊല്ലി ഒരിറ്റ് മുതലക്കണ്ണീർ വീഴ്ത്താൻ പോലും ഒബാമ തയാറായില്ല. ഒരൊറ്റ അമേരിക്കൻ പ്രസിഡന്റും ഒരു കാലത്തും അതു ചെയ്തിട്ടില്ല. ഇതേ പാരമ്പര്യം പേറുന്ന ഒബാമയിൽ പുതിയ പ്രവാചകനെ തേടുന്നവരുടെ സമനിലയിൽ ആർക്കെങ്കിലും സംശയം തോന്നിയാൽ അവരെ കുറ്റപ്പെടുത്താനാവുമോ?**

ഒന്നാമതായി ബുഷിന്റെ പാർട്ടിയായ റിപ്പബ്ലിക്കനും ഒബാമയുടെ ഡമോക്രാറ്റിക് പാർട്ടിയും തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസമില്ല. യുദ്ധത്തിന്റെ കാര്യമെടുക്കാം. അമേരിക്കയുടെ താൽപര്യങ്ങൾക്ക് കീഴ്പ്പെട്ടുകൊണ്ടല്ലാതെ ലോകത്ത് മറ്റൊരു രാജ്യത്തിനും സ്വന്തവും സ്വതന്ത്രവുമായ പരമാധികാരമില്ലെന്ന് ഇരു പാർട്ടികളും വിശ്വസിക്കുന്നു. ഏതെങ്കിലും രാഷ്ട്രത്തെ ആക്രമിക്കണമെന്ന കാര്യത്തിൽ ഇരു പാർട്ടികൾക്കും യോജിപ്പായിരിക്കും. വർഷത്തിലോ വേനലിലോ ആക്രമിക്കേണ്ടത് എന്ന കാര്യത്തിലായിരിക്കും വിയോജിപ്പ്!

ഇറാഖ് യുദ്ധത്തെ ഒബാമ എതിർത്തു എന്നതാണ് വലിയൊരു മഹത്വമായി ഘോഷിക്കുന്നത്. എന്നാൽ ഈ അവകാശവാദം ശരിയാണോ? 2002–ൽ ഇറാഖ് ആക്രമണ പ്രമേയത്തിന് അനുകൂലമായാണോ പ്രതികൂലമായാണോ വോട്ട് രേഖപ്പെടുത്തിയതെന്ന് 'തനിക്ക് അറിയില്ലെ'ന്നാണ് ഒബാമ *ന്യൂയോർക്ക് ടൈംസ്* ദിനപത്രത്തോട് (2004 ജൂലൈ 26) പറഞ്ഞത്. സെനറ്റർമാരായ കെറിയും എഡ്വേർഡ്സും യുദ്ധത്തെ അനുകൂലിച്ചതിനെ വിമർശിക്കാനും ഒബാമ തയാറായില്ലെന്ന് കൂടി *ടൈംസ്* അറിയിക്കുന്നു.

പിൽക്കാലത്ത് ഇറാഖിൽനിന്നും സൈന്യത്തെ പിൻവലിക്കണമെന്ന് ഒബാമ ആവശ്യപ്പെടുകയുണ്ടായി. ഇത് യുദ്ധം തെറ്റായതുകൊണ്ടല്ല. മതിയായ അളവിൽ പട്ടാളക്കാരെ സംഘടിപ്പിച്ച് ജയിക്കാവുന്ന വിധം തയാറായി വേണം യുദ്ധം ചെയ്യാനെന്നും ഇറാഖിലേത് അങ്ങനെയായില്ലെന്നതുമാണ് കാരണം. 2004–ലെ ഡമോക്രാറ്റ് സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയപ്പോൾ ദുരിതമനുഭവിക്കുന്ന അമേരിക്കൻ പട്ടാളക്കാരെ ഗവൺമെന്റ് വേണ്ടവിധം സഹായിക്കണമെന്ന് ഒബാമ പറയുകയുണ്ടായി. എന്നാൽ അമേരിക്കൻ പട്ടാളക്കാരുടെ വെടിയേറ്റും ബോംബുവർഷത്താലും നരകയാതന അനുഭവിക്കുന്ന ലക്ഷക്കണക്കിന് അഫ്ഗാൻ –ഇറാഖീ ജനങ്ങളെച്ചൊല്ലി ഒരിറ്റ് മുതലക്കണ്ണീർ വീഴ്ത്താൻ പോലും ഒബാമ തയാറായില്ല. ഒരൊറ്റ അമേരിക്കൻ പ്രസിഡന്റും ഒരു കാലത്തും അതു ചെയ്തിട്ടില്ല. ഇതേ പാരമ്പര്യം പേറുന്ന ഒബാമയിൽ പുതിയ പ്രവാചകനെ തേടുന്നവരുടെ സമനിലയിൽ ആർക്കെങ്കിലും സംശയം തോന്നിയാൽ അവരെ കുറ്റപ്പെടുത്താനാവുമോ? ഇറാഖ് യുദ്ധത്തിന് വേണ്ട കള്ളന്യായങ്ങളും നുണകളും കെട്ടിയുണ്ടാക്കാൻ നേതൃത്വം നൽകിയ കൊണ്ടലീസ റൈസിനെ സ്റ്റേറ്റ് സെക്രട്ടറിയാക്കിയതിൽ ഒബാമയുടെ വോട്ടുണ്ടായിരു

ന്നു. യുദ്ധത്തിന് വൻതുക ആവശ്യപ്പെട്ടുകൊണ്ട് ബുഷ് അവതരിപ്പിച്ച ബില്ലുകൾക്കെല്ലാം ഒബാമയുടെ പിന്തുണയുണ്ടായിരുന്നു. കൂടുതൽ പണം യുദ്ധത്തിന് ചെലവാക്കുന്നതിനെ എതിർത്ത ഡമോക്രാറ്റുകളെ വിമർശിക്കാൻ തയാറായ വ്യക്തിയാണ് ഒബാമ എന്നതും മറക്കരുത്.

ഇറാഖ് യുദ്ധം തെറ്റായിരുന്നുവെന്നോ അമേരിക്കൻ സേനയെ അവിടെനിന്നും പൂർണമായും പിൻവലിക്കണമെന്നോ ഒബാമ ഒരിക്കലും അഭിപ്രായപ്പെട്ടിട്ടില്ല. എന്നുതന്നെയല്ല 'ഇറാഖ് പ്രശ്നത്തിന് ഇപ്പോഴും പരിഹാരം അമേരിക്കൻ സൈനിക സാന്നിധ്യമാണെ'ന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ചെറിയൊരു ഭാഗം സൈന്യത്തെ പിൻവലിക്കണമെന്നും അതേസമയം അധികസേനയും അവിടെ തുടരണമെന്നും ഒബാമ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവയെ പിൻവലിക്കേണ്ട കാലയളവ് വ്യക്തമാക്കിയിട്ടുമില്ല. ഇത്തരമൊരാൾ ഇറാഖ് യുദ്ധത്തെ എതിർത്തു എന്ന് പ്രചരിപ്പിക്കുന്നത് തന്നെ സത്യസന്ധതക്ക് ചേരുന്നതാണോ?

ഇറാഖ് യുദ്ധത്തെപ്പറ്റി ഒബാമ ഇപ്പോൾ പറയുന്നത്, ആക്രമണം അഫ്ഗാനിൽ കേന്ദ്രീകരിക്കണമെന്നും ഇറാഖിലേക്ക് യുദ്ധം വ്യാപിച്ചത് അതിന്റെ മാരകത കുറച്ചുവെന്നുമാണ്. താലിബാനെ നശിപ്പിക്കാൻ പാകിസ്താനകത്ത് ബോംബാക്രമണം നടത്തണമെന്ന് പരസ്യമായി പ്രഖ്യാപിച്ചയാളാണ് ഒബാമ. ഇത്തരമൊരാൾ താരതമ്യേന ഭേദമാണോ എന്ന് പരിശോധിക്കുന്നതിലും ഭേദമാണെന്ന് ആശ്വസിക്കുന്നതിലും എന്തർഥമാണുള്ളത്?

മൂല്യങ്ങളെപ്പറ്റിയുള്ള ഒബാമയുടെ പരാമർശങ്ങൾ ചില ശുദ്ധാത്മാക്കളെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. രണ്ട് നൂറ്റാണ്ട് മുമ്പ് നടന്ന 'സ്വാതന്ത്ര്യ പ്രഖ്യാപന'ത്തിലെ അടിസ്ഥാന പ്രമാണം ഒബാമ ഉദ്ധരിച്ചിട്ടുണ്ട്. അതിങ്ങനെ: "ഈ സത്യങ്ങൾ സ്വയം വ്യക്തമാണെന്ന് നാം വിശ്വസിക്കുന്നു. അതായത് എല്ലാ മനുഷ്യരും സമന്മാരായാണ് സൃഷ്ടിക്കപ്പെട്ടത്. അനിഷേധ്യമായ ചില അവകാശങ്ങൾ അവരുടെ സ്രഷ്ടാവ് അവർക്ക് നൽകിയിട്ടുണ്ട്. ജീവിതം, സ്വാതന്ത്ര്യം, സൗഭാഗ്യം നേടാനുള്ള ശ്രമം എന്നിവ ആ അവകാശങ്ങളിൽ പെടുന്നു." ഇത് ഉദ്ധരിച്ചുകൊണ്ട് അമേരിക്കൻ ജനതയെ ആ മൂല്യങ്ങളിലേക്ക് മടങ്ങാൻ ഒബാമ ആഹ്വാനം ചെയ്യുന്നതാണ് പലരെയും ആവേശഭരിതരാക്കുന്നത്. എന്നാൽ ഇവിടെ പരാമർശിച്ച 'മനുഷ്യരി'ൽ കറുത്ത വർഗക്കാരും തദ്ദേശീയരായ അമേരിക്കക്കാരും ഉൾപ്പെടുകയില്ലെന്ന കാര്യം മനസ്സിലാക്കാൻ ഒബാമയുടെ പുസ്തകം വായിച്ചാൽ മതിയാവില്ല. അമേരിക്കയുടെ യഥാർഥ ചരിത്രം പഠിക്കണം. അമേരിക്കയുടെ സ്ഥാപക പിതാക്കൾ വംശീയവാദികളും ജനാധിപത്യത്തെ അംഗീകരിക്കാത്ത റിപ്പബ്ലിക്കുകളുമായിരുന്നു. റിപ്പബ്ലിക് എന്നാൽ ജനാധിപത്യ രാഷ്ട്രമെന്നല്ല അർഥം. ഉന്നതരായ ഒരു ചെറുപക്ഷത്താൽ ഭൂരിപക്ഷം ജനങ്ങൾ ഭരിക്കപ്പെടുന്ന രാജ്യം എന്നാണർഥം. 'സ്വാതന്ത്ര്യ പ്രഖ്യാപനം' എന്ന രേഖക്ക് തന്നെയും അമേരിക്കയിലെ ബഹുജനങ്ങളുടെ സ്വാതന്ത്ര്യവുമായി യാതൊരു ബന്ധവുമില്ല. ബ്രിട്ടണിലെ രാജകൽപനകളിൽനിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് അമേരിക്കയിലെ കോളനിവാഴ്ചക്കാർ നടത്തിയ പ്രഖ്യാപനമാണത്. ഈ കോളനിവാഴ്ചാ മൂല്യങ്ങളിലേക്ക് മടങ്ങാൻ ആഹ്വാനം ചെയ്യുന്ന ഒബാമ ഏത് രാഷ്ട്രീയത്തെയാണ് പ്രതിനിധീകരിക്കുന്നതെന്ന് വ്യക്തമാണ്.

ഒബാമയുടെ മറ്റൊരു പ്രസ്താവനയിതാണ്: "ആഫ്രോ അമേരിക്ക, വെള്ള അമേരിക്ക എന്നൊന്നില്ല. അമേരിക്ക ഒന്നേയുള്ളൂ. വർണ-വർഗ-മത ഭേദമന്യേ എല്ലാവർക്കുമായുള്ള ഒറ്റ അമേരിക്ക." ചരിത്ര ബോധമില്ലെന്നത് പോകട്ടെ, യാഥാർഥ്യബോധവുമില്ലാത്ത നേതാവാണ് ഒബാമയെന്ന് ഈ വരികൾ തെളിയിക്കുന്നു. ആഫ്രോ അമേരിക്കയുണ്ട്, വെള്ള അമേരിക്കയുമുണ്ട്. ഈ വംശീയ യാഥാർഥ്യം നിഷേധിക്കുന്നവരെയാണ് വെള്ളവംശീയവാദികൾക്ക് വേണ്ടത്. ഈ സാമൂഹിക യാഥാർഥ്യം ചൂണ്ടിക്കാട്ടുന്നവർ അപകടകാരികളാണ്.

**റിപ്പബ്ലിക്കൻ–ഡമോക്രാറ്റ് പാർട്ടികളെപ്പറ്റി ആഴത്തിൽ പഠിച്ചവർ പണ്ടേ പറഞ്ഞുവെച്ച ഒരു യാഥാർഥ്യമുണ്ട്: റിപ്പബ്ലിക്കൻ പാർട്ടിയുടെ നയങ്ങൾ കൂടുതൽ ആവേശത്തോടെ നടപ്പാക്കുക ഡമോക്രാറ്റുകളും ഡമോക്രാറ്റ് പാർട്ടിയുടെ നയങ്ങൾ കൂടുതൽ നന്നായി നടപ്പാക്കുക റിപ്പബ്ലിക്കുകളുമായിരിക്കുമെന്ന്! യഥാർഥത്തിൽ അമേരിക്കയിലെ വൻകിട കോർപറേഷനുകളുടെ ദാസന്മാരാണ് രണ്ട് പാർട്ടികളും.**

റിപ്പബ്ലിക്കൻ- ഡമോക്രാറ്റ് നേതാക്കൾ യുദ്ധത്തെ എതിർക്കുന്നതും അനുകൂലിക്കുന്നതും പ്രയോജനത്തിന്റെ (pragmatic) അടിസ്ഥാനത്തിലായിരിക്കും. ഒരിക്കലും ധാർമികതയുടെ അടിസ്ഥാനത്തിലായിരുന്നിട്ടില്ല. യുദ്ധം ചെലവേറിയതായാൽ എതിർപ്പ് കൂടുതലായിരിക്കും. യുദ്ധം നീണ്ടുപോകുന്തോറും ബഹുജനങ്ങളുടെ എതിർപ്പ് വർധിക്കും. ഇത് യുദ്ധത്തോടുള്ള ധാർമികമായ വിയോജിപ്പല്ല. ചുരുങ്ങിയ ചെലവിൽ യുദ്ധം ജയിക്കാതിരിക്കുന്നതിനോടുള്ള വിപ്രതിപത്തി മാത്രമാണ്.

റിപ്പബ്ലിക്കൻ-ഡമോക്രാറ്റ് പാർട്ടികൾ കോർപ്പറേഷനുകളും വൻ സാമ്പത്തിക ശക്തികളും നിയന്ത്രിക്കുന്നവയാണ്. അവരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി ഒരൊറ്റ അമേരിക്കൻ പ്രസിഡന്റും ഇന്നേവരെ ചലിച്ചിട്ടില്ല. പ്രസിഡന്റ് എന്നത് ഒരു മാന്ത്രികന്റെ പോസ്റ്റല്ല. ഒരാൾക്ക് വ്യക്തിപരമായി എന്ത് വ്യത്യസ്തകൾ അവകാശപ്പെടാനുണ്ടെങ്കിലും ഭരണം രണ്ട് പാർട്ടികളുടെയും നയങ്ങൾക്കനുസരിച്ചായിരിക്കും. ഒബാമ പ്രസിഡന്റാകുന്നതിന് മുമ്പ് കൊണ്ടലീസ് റൈസ് സുരക്ഷാ ഉപദേഷ്ടാവും കോളിൻ പവൽ സർവ സൈന്യാധിപനും ആയ അമേരിക്ക എല്ലാവരും കണ്ടതാണല്ലോ. വെള്ളക്കാരുടെ താൽപര്യങ്ങൾക്കും സാമ്രാജ്യത്വ താൽപര്യങ്ങൾക്കും സേവ ചെയ്യാനല്ലാതെ മറ്റൊന്നിനും ഇവർക്ക് സാധിക്കുകയുണ്ടായില്ല. അമേരിക്കയിൽ കറുത്ത വംശജർ വൈറ്റ് ഹൗസിൽ എത്തിയാൽ എന്തുസംഭവിക്കുമെന്നറിയാൻ ഇതു മതിയാവും.

ഒബാമയുടെ ഗവൺമെന്റിനെ നിയന്ത്രിക്കുന്നത് ആരൊക്കെയാവും എന്നത് പരിശോധിച്ചാൽ ഈ വസ്തുത വീണ്ടും സ്ഥിരീകരിക്കപ്പെടും. ചീഫ് ഓഫ് സ്റ്റാഫായ റഹ്മ് ഇമാനുവൽ ആരാണ്? 1991ൽ മുൻ പ്രസിഡന്റ് ക്ലിന്റന്റെ ധനസമാഹർത്താവായി രംഗത്തെത്തിയ ഇദ്ദേഹം പിന്നീട് രാഷ്ട്രീയ ഡയറക്ടറായി മാറി. കടുത്ത ഇസ്രയേൽ അനുകൂലിയായ ഇമാനുവലിനെ ചീഫാക്കിക്കൊണ്ട് ഒബാമ എന്തത്ഭുതം കാണിക്കുമെന്നാണ് സാമാന്യബോധമുള്ളവർ കരുതേണ്ടത്? ഷിക്കാഗോയിലെ ഒരു ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടറായ സ്കോൾനിക്ക് ഇദ്ദേഹത്തെ വിശേഷിപ്പിച്ചത് 'മൊസാദിന്റെ വടക്കെ അമേരിക്കയിലെ ആക്റ്റിംഗ് ചീഫ്' എന്നാണ്! പെട്ടെന്നൊരുനാൾ വോട്ട് ലാക്കാക്കി

ഇസ്രയേൽ പ്രേമിയായ ജൂതനല്ല ഇദ്ദേഹം. പാരമ്പര്യമുള്ള സയണിസ്റ്റ് തന്നെ. അഛൻ ബഞ്ചമിൻ ഇമ്മാനുവൽ ചിക്കാഗോയിലെ ഡോക്ടറായിരുന്നു. ഇസ്രയേൽ രൂപീകൃതമാവുന്നതിന് മുമ്പേ ഇർഗുൺ എന്ന സയണിസ്റ്റ് ഭീകരസംഘടനക്ക് ആയുധങ്ങൾ കള്ളക്കടത്തിലൂടെ എത്തിച്ച് കുപ്രസിദ്ധനായി. 1991-ൽ ഗൾഫ് യുദ്ധകാലത്ത് ഇസ്രയേൽ സൈന്യത്തിൽ സേവനമനുഷ്ഠിച്ച് അഛന്റെ സായുധ പാരമ്പര്യത്തിന് മകൻ സാക്ഷിയാവുകയും ചെയ്തു. കടുത്ത സയണിസ്റ്റ് ഭീകരൻ എന്ന് വിശേഷിപ്പിക്കാവുന്ന ഒരാളെ ചീഫ് ഓഫ് സ്റ്റാഫാക്കിയ ഒബാമ ഒന്നുകിൽ ഒഴുക്കിനൊത്ത് നീന്താൻ നിശ്ചയിച്ച പൊങ്ങുതടിയാണ്. അല്ലെങ്കിൽ ശുദ്ധ കപടനാണ്.

വാൾസ്ട്രീറ്റിന്റെയല്ല മെയ്ൻ സ്ട്രീറ്റിന്റെ (പൊതുജനങ്ങളുടെ) താൽപര്യങ്ങൾ സംരക്ഷിക്കണം എന്നു പറയുന്ന ഒബാമ തെരഞ്ഞെടുത്ത താൽക്കാലിക സാമ്പത്തിക സമിതിയിലെ 17 പേരും കോർപ്പറേറ്റ് മേഖലയിൽനിന്നുള്ളവരാണെന്നത് യാദൃഛികമല്ല. റോൾ കാമ്പോസ് മുതൽ വില്യം ഡാലി വരെ നീളുന്ന ഇവരിൽ ഒരാൾ പോലും (മേമ്പൊടിക്കെങ്കിലും) സാധാരണക്കാരുടെ പ്രതിനിധിയായിട്ടില്ല. വാചകമടിയും യാഥാർഥ്യവും തമ്മിലുള്ള അന്തരം മനസ്സിലാക്കാൻ ഒബാമ പ്രസിഡന്റായി പ്രവർത്തിച്ചു തുടങ്ങണമെന്നില്ല. കസേരയിലെത്തും മുമ്പ് നടന്നത് തന്നെ ധാരാളം.

2008 ആഗസ്റ്റിൽ ആയിരക്കണക്കിൽ തൊഴിലാളികളെ അഭിസംബോധന ചെയ്ത് (ഷിക്കാഗോ സോൾഡ്വർ ഫീൽഡിൽ) ഒബാമ പറഞ്ഞു: "ഞാൻ പ്രസിഡന്റാകാൻ മത്സരിക്കുന്നത് നിങ്ങൾക്ക് വേണ്ടിയാണ്; വലിയ ചെക്കുകൾ ഒപ്പിടുന്നവർക്ക് വേണ്ടിയല്ല.'' ഇങ്ങനെ വാചകമടിക്കാനുള്ള പണം (തെരഞ്ഞെടുപ്പ് ചെലവ്) പോലും വലിയ ചെക്കുകൾ ഒപ്പിടുന്നവരുടെ കീശയിൽനിന്നാണ് ഒബാമക്ക് ലഭിച്ചതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ ഫണ്ടിലേക്ക് അമ്പതു ലക്ഷം ഡോളർ നൽകിയത് സെക്യൂരിറ്റി-ഇൻവെസ്റ്റ്മെന്റ് സ്ഥാപനങ്ങളാണ്. 86 ലക്ഷം ഡോളർ നൽകിയത് കച്ചവട ബാങ്കുകളാണ്. തകർന്നടിഞ്ഞ ലേമാൻ ബാങ്ക് കൊടുത്തത് 22 ലക്ഷം ഡോളർ. കുത്തക ബാങ്കുകളായ ജെ.പി മോർഗൻ 21 ലക്ഷം, മോർഗൻ സ്റ്റാൻലി 10 ലക്ഷം, സിറ്റാഡൽ 41 ലക്ഷം, യു.ബി.എസ് 10 ലക്ഷം... ഇങ്ങനെ പട്ടിക നീളുന്നു. ഇവരിൽ നിന്നെല്ലാം പണംപറ്റി തെരഞ്ഞെടുപ്പ് ഫണ്ടുണ്ടാക്കി വിജയിച്ച ശേഷം വൻ കോർപ്പറേഷനുകളിലെ ഉദ്യോഗസ്ഥരെ ഭരണകാര്യ നിർവഹണങ്ങൾക്ക് സഹായികളായി നിയമിച്ച ഒബാമ തൊഴിലാളികൾക്കു വേണ്ടിയാണ് പ്രസിഡന്റായതെന്നു പറഞ്ഞാൽ അതൊരു ഫലിതം പോലും ആവില്ലെന്നതല്ലേ യാഥാർഥ്യം?

**നിലവിലുള്ള അവസ്ഥയിൽ കച്ചവട താൽപര്യങ്ങൾ സംരക്ഷിക്കാൻ റിപ്പബ്ലിക്കൻ നേതാക്കളേക്കാൾ ഡമോക്രാറ്റ് നേതാക്കളാണ് ഉചിതമെന്ന് കോർപ്പറേറ്റ് ശക്തികൾക്കറിയാം. പുതിയൊരു നോക്കുകുത്തിയെ മുന്നിൽ നിർത്തി എക്കാലത്തെയും പോലെ കരുക്കൾ നീക്കുകയാണവർ. ഭരണരംഗത്ത് ഒബാമ നിയമിച്ചവരുടെ ലിസ്റ്റ് ഇക്കാര്യം തെളിയിക്കുന്നു. ഡമോക്രാറ്റുകളിലെയും റിപ്പബ്ലിക്കന്മാരിലെയും യുദ്ധവെറിയന്മാരാണ് ഒബാമയുടെ ഭരണസമിതിയംഗങ്ങൾ!**

റിപ്പബ്ലിക്കൻ-ഡമോക്രാറ്റ് പാർട്ടികളെപ്പറ്റി ആഴത്തിൽ പഠിച്ചവർ പണ്ടേ പറഞ്ഞുവെച്ച ഒരു യാഥാർഥ്യമുണ്ട്: റിപ്പബ്ലിക്കൻ പാർട്ടിയുടെ നയങ്ങൾ കൂടുതൽ ആവേശത്തോടെ നടപ്പാക്കുക ഡമോക്രാറ്റുകളും ഡമോക്രാറ്റ് പാർട്ടിയുടെ നയങ്ങൾ കൂടുതൽ നന്നായി നടപ്പാക്കുക റിപ്പബ്ലിക്കുകളുമായിരിക്കുമെന്ന്! യഥാർഥത്തിൽ അമേരിക്കയിലെ വൻകിട കോർപ്പറേഷനുകളുടെ ദാസന്മാരാണ് രണ്ട് പാർട്ടികളും. ഇവരുടെ താൽപര്യങ്ങൾ ആരാണ് സംരക്ഷിക്കാൻ സാധ്യതയെന്ന് വിലയിരുത്തി കോർപ്പറേറ്റ് ശക്തികൾ തന്നെയാണ് ആരെ അധികാരത്തിലേറ്റണം എന്ന് തീരുമാനിക്കുന്നത്. ഒബാമ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഒരു പുതിയ മനുഷ്യൻ രംഗത്തെത്തിയെന്നും അമേരിക്കയെ പുത്തൻപാതയിലൂടെ നയിക്കാൻ പോവുകയാണെന്നും തെറ്റിദ്ധരിച്ചവർക്ക് അമേരിക്കൻ രാഷ്ട്രീയത്തിന്റെ ബലതന്ത്രം ഗ്രാഹ്യമായിട്ടില്ലെന്ന് വേണം കരുതാൻ. നിലവിലുള്ള അവസ്ഥയിൽ കച്ചവടതാൽപര്യങ്ങൾ സംരക്ഷിക്കാൻ റിപ്പബ്ലിക്കൻ നേതാക്കളേക്കാൾ ഡമോക്രാറ്റ് നേതാക്കളാണ് ഉചിതമെന്ന് കോർപ്പറേറ്റ് ശക്തികൾക്കറിയാം. പുതിയൊരു നോക്കുകുത്തിയെ മുന്നിൽ നിർത്തി എക്കാലത്തെയും പോലെ കരുക്കൾ നീക്കുകയാണവർ. ഭരണരംഗത്ത് ഒബാമ നിയമിച്ചവരുടെ ലിസ്റ്റ് ഇക്കാര്യം തെളിയിക്കുന്നു. ഡമോക്രാറ്റുകളിലെയും റിപ്പബ്ലിക്കന്മാരിലെയും യുദ്ധവെറിയന്മാരാണ് ഒബാമയുടെ ഭരണസമിതിയംഗങ്ങൾ!

നിലവിലുള്ള സാമ്പത്തിക തകർച്ചക്ക് ഒബാമ നിർദേശിക്കുന്ന പരിഹാരമെന്ത്? പ്രത്യേകിച്ച് ഒന്നുമില്ലെന്നതാണ് വസ്തുത. 'വാളെടുത്തവൻ വാളാൽ' എന്ന പഴമൊഴി പോലെ അമേരിക്ക ചെയ്തുകൂട്ടിയതിന്റെ തിക്തഫലങ്ങൾ അനുഭവിച്ച് തീർക്കാതെ മറ്റു മാന്ത്രിക പരിഹാരങ്ങളൊന്നും സാധ്യമല്ലെന്ന് സുബോധമുള്ളവർക്കറിയാം. ലോകത്തെ ഏറ്റവും കടക്കാരനായ രാഷ്ട്രം അമേരിക്കയാണ്. അവർ കടം വാങ്ങുന്നത് അവിടത്തെ പ്രൈവറ്റ് ബാങ്കുകളിൽനിന്നാണ്. ഈ ബാങ്കുകളാണ് പൊളിഞ്ഞുകൊണ്ടിരിക്കുന്നത്. ഈ ബാങ്കുകളെ രക്ഷിക്കാൻ ശ്രമിക്കുന്നതാകട്ടെ ഏറ്റവും വലിയ കടക്കാരനായ ഗവൺമെന്റും! ഗവൺമെന്റിന് രക്ഷ നൽകാൻ വീണ്ടും ഇതേ ബാങ്കുകളോടാണ് കൈ നീട്ടേണ്ടത്!! ചരിത്രത്തിലെവിടെയും കാണാത്ത പുതിയൊരു സാമ്പത്തിക മായാജാലമാണിത്. ഇതിന് പാശ്ചാത്യ ധനശാസ്ത്ര ഗ്രന്ഥങ്ങളിലൊന്നും യാതൊരു പരിഹാരവുമില്ല. ഇതാണ് യാഥാർഥ്യമെങ്കിലും പരിഹാരം സ്വപ്നം കാണാനുള്ള അവകാശം ഏതൊരു അമേരിക്കക്കാരനെയും പോലെ ഒബാമക്കുമുണ്ട്. പരിഹാരത്തിനായി അദ്ദേഹം ഉത്തരവാദിത്വം ഏൽപിച്ചിട്ടുള്ളത് അമേരിക്കൻ സാമ്പത്തിക മേഖലയാകെ കുളമാക്കുന്നതിൽ കാര്യമായ പങ്കുവഹിച്ച ന്യൂയോർക്ക് ഫെഡറൽ റിസർവ് ബാങ്ക് പ്രസിഡന്റ് ഗെയ്ത്ത്നെറെയും സംഘത്തെയുമാണ്!

ആകർഷകമായി സംസാരിക്കാനും എഴുതാനും കഴിവുള്ള നേതാവാണ് ഒബാമ. മുസ്‌ലിംസമൂഹത്തോട് വിരോധമോ അപ്രീതിയോ ഇല്ല എന്നതും ശരി തന്നെ. എന്നാൽ കോർപ്പറേഷനുകളാൽ നിയന്ത്രിക്കപ്പെടുന്ന അമേരിക്കൻ രാഷ്ട്രീയത്തിൽ എന്തു ചെയ്യാനാവും എന്നത് സ്വപ്നത്തിലൂടെയും വ്യാമോഹങ്ങളിലൂടെയും പരിഹരിക്കാവുന്ന പ്രശ്നമല്ല. മുസ്‌ലിംസമൂഹത്തെ അടുത്തറിഞ്ഞ ഒബാമതന്നെ കടുത്ത സയണിസ്റ്റായ ഇമാനുവലിനെ ചീഫ് ഓഫ് സ്റ്റാഫാക്കിയതിലെ വൈരുധ്യം ഭാവനയുടെ ചിറകുകളിലേറിയാൽ പരിഹരിക്കപ്പെടുമോ? ■